


# ഉയിർപ്പ് – പ്രതീക്ഷയുടെ ഉത്സവം

ബ്ര. ജെറിൻ കിളിയന്തറ MCBS
Vol. 12, Issue: 49

**ദി**വ്യകാരുണ്യ ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

മനുഷ്യൻ നിർണ്ണയിച്ച അന്ത്യത്തിനു മേൽ ദൈവം പുലർത്തിയ വിജയത്തിന്റെ മിശിഹാരഹസ്യമാണ് ഉത്ഥാനം. ആ ഉത്ഥാനം എന്ന മൂലക്കല്ലിനെ ആധാരശിലയാക്കി പണിയപ്പെട്ട വിശ്വാസസൗധമാണ് തിരുസഭ. അങ്ങനെയുള്ള തിരുസഭ ഇന്ന് കർത്താവിന്റെ ഉയിർപ്പു തിരുനാൾ ആഘോഷിക്കുമ്പോൾ സഭ നമ്മിലേക്ക് പങ്കുവച്ചു നൽകുക, ഉത്ഥാനം എന്നുള്ളത് ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം പ്രത്യാശയുടെയും വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും തിരുനാളാണ് എന്നുള്ള വസ്തുതയാണ്. അടയ്ക്കപ്പെട്ട കല്ലറയുടെ ജീവിതശൈലിയിൽ നിന്ന് തുറക്കപ്പെട്ട കണ്ടുമുട്ടലിന്റെ ജീവിതശൈലിയിലേക്ക് വളരാൻ ക്രിസ്തുവിന്റെ ഉത്ഥാനം നമ്മോട് ആഹ്വാനം ചെയ്യുകയാണ്. നമ്മുടെ വ്യാകുലതകളുടെ ഇരിപ്പിടങ്ങളിൽ നിന്ന്, അസ്വസ്ഥതകളുടെ ചങ്ങലക്കെട്ടുകളിൽ നിന്ന് ക്രിസ്തു എന്ന ഉണർവിലേക്ക് ചുവടുവയ്ക്കാൻ ആ ക്രിസ്തുവിനെ അനുധാവനം ചെയ്യാൻ തിരുസഭ നമ്മെ നിയുക്തരാക്കുകയും ചെയ്യുന്ന ഒരു ദിനവും കൂടിയാണ് കർത്താവിന്റെ ഈ ഉയിർപ്പു തിരുനാൾ.

കാൽവരിയും അവിടെ ഉയർന്ന മരക്കുരിശും ദുഃഖവെള്ളിയും അതിന്റെ കദനഭാരവുമൊക്കെ നമ്മുടെ ഹൃദയങ്ങളിൽ വേദനയുടെ കനലുകൾ വാരിവിതറിയെങ്കിൽ ഈശോയുടെ ഉത്ഥാനം നിത്യസന്തോഷത്തിന്റെ, ആഹ്ലാദത്തിന്റെ അതിലുപരി നമ്മുടെ വിശ്വാസത്തിന്റെ ഉജ്ജ്വലനമായി രൂപപ്പെടുകയാണ്. ബെനഡിക്ട് 16–ാമൻ മാർപാപ്പ പറയുന്നുണ്ട്, "ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും ക്രിസ്തുമതത്തിന്റെ ഹൃദയമാണ്." ഈ ലോകത്തിൽ അവസാനിക്കാനുള്ളതല്ല. മനുഷ്യന്റെ ജീവിതം മരണശേഷം ഉത്ഥാനമുണ്ടെന്നും അവന്റെ ആത്മാവ് അനശ്വരമാണ് എന്നുമുള്ള ദൈവിക വെളിപ്പെടുത്തലാണ് ഉത്ഥിതനായ മിശിഹാ നമുക്കു നൽകുക. അവിടുന്ന് സഹനത്തെയും മരണത്തെയും അഭിമുഖീകരിച്ച് അതിന്മേൽ വിജയം നേടി നമ്മെ പ്രത്യാശയിലേക്കു നയിച്ചു. അത്തരത്തിൽ പ്രത്യാശയുടെ സന്ദേശം നൽകുന്ന മഹത്തായ ദൈവവചനഭാഗങ്ങളാണ് ഇന്ന് തിരുസഭ നമ്മളുമായി പങ്കുവയ്ക്കുക.

ആദ്യവായനയിൽ ദൈവം ഐസയാസ് പ്രവാചകന് നൽകുന്ന പ്രവാചകദൗത്യമാണ് നാം വായിച്ചുകേട്ടത്. ഇത് രക്ഷയുടെ വാഗ്ദാനമാണ്. ചിതറിക്കപ്പെട്ട ഇസ്രായേൽ ജനത്തിന് ദൈവം നൽകുന്ന വാഗ്ദാനം. ചിതറിപ്പോയതിനെ ഒരുമിച്ചുകൂട്ടുകയും മുറിവേറ്റതിനെ വച്ചുകെട്ടുകയും അങ്ങനെ തന്റെ ജനത്തെ ഐശ്വര്യത്തിന്റെയും പ്രതീക്ഷയുടേയുമൊക്കെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തും എന്നുള്ള വാഗ്ദാനം. സ്നേഹമുള്ളവരേ, നമ്മിൽ ദൈവവും ദൈവീകാനുഭവവും നഷ്ടപ്പെടുമ്പോഴാണ് ദുഃഖവെള്ളികൾ ഉണ്ടാകുന്നത്. അങ്ങനെ ദുഃഖ

വെള്ളികൾ ഉണ്ടാകുമ്പോൾ നിരാശരാകാതെ ക്രിസ്തുവിലേക്ക്, ക്രിസ്തുവിന്റെ ഉത്ഥാനത്തിലേക്ക് നമുക്ക് മിഴികൾ പതിപ്പിക്കാം. കാരണം, ഉത്ഥാനം പ്രത്യാശയുടെ തിരുനാളാണ്, വിശ്വാസത്തിന്റെ ആഘോഷമാണ്.

ശ്ലീഹന്മാരുടെ നടപടി പുസ്തകം ഓർമ്മിപ്പിക്കുന്നത് മിശിഹായുടെ പ്രവർത്തനങ്ങളും അവിടുത്തെ പീഢാനുഭവ കുരിശുമരണ ഉത്ഥാനരഹസ്യങ്ങളും സുനിശ്ചിതമായ ഒരു ദൈവികപദ്ധതിയാണ് എന്നുള്ള സത്യമാണ്. ആ പദ്ധതിയെ മനസിലാക്കാൻ കർത്താവിന്റെ ഉത്ഥാനം വരെ ശിഷ്യസമൂഹത്തിന് കാത്തിരിക്കേണ്ടി വന്നു. പിന്നീടങ്ങോട്ട് അടിമത്തത്തിന്റെ ആത്മാവിൽ നിന്ന് കർത്താവിന്റെ സ്വർഗ്ഗരാജ്യത്തെ പ്രഘോഷിക്കുന്ന ചുറുചുറുക്കുള്ള കർത്താവിന്റെ ആത്മാവ് നിറഞ്ഞ, കർത്താവിന്റെ ആത്മാവിനെ ധരിച്ച വചനപ്രഘോഷകരായി അവർ ലോകത്തെ കീഴടക്കുന്ന ഒരു കാഴ്ചയാണ് പുതിയനിയമ ഏടുകളിൽ നിന്ന് നാം ദർശിക്കുക. ഇന്ന് കർത്താവിന്റെ ഉത്ഥാനത്തിൽ നാം സന്തോഷിക്കുമ്പോൾ തീക്ഷ്ണതയോടെ, ശ്ലീഹന്മാർ പ്രഘോഷിച്ച കർത്താവിന്റെ വചനം നമ്മുടെ ജീവിതത്തിലൂടെ അനേകർക്ക് പങ്കുവച്ചു നൽകണം എന്നുള്ള സാർവ്വത്രികദൗത്യത്തിലേക്ക് തിരുസഭ നമ്മെ ക്ഷണിക്കുകയാണ്.

കൊളോണിയൽ കാലഘട്ടത്തിന്റെ പ്രാരംഭത്തിലെ വലിയ സാമ്രാജ്യശക്തി സ്പെയിൻ ആയിരുന്നു. സ്പെയിനിന്റെ അതിർത്തി ജിബ്രാൾട്ടർ കടലിടുക്കാണ്. അതിനപ്പുറം നോക്കെത്താദൂരത്ത് പരന്നുകിടക്കുന്ന അറ്റ്ലാന്റിക് സമുദ്രമാണ്. സ്പെയിനിന്റെ ഔദ്യോഗികമുദ്രയായി ജിബ്രാൾട്ടർ കടലിടുക്കിനെ ചിത്രീകരിച്ച നാണയങ്ങളിൽ ''Nihil Ultra'' ''അപ്പുറത്ത് ഒന്നുമില്ല'' എന്ന് മുദ്രണം ചെയ്തിരുന്നു. കരകാണാകടലിനപ്പുറം ഒന്നുമില്ല എന്ന് അവർ നൂറ്റാണ്ടുകളായി വിശ്വസിച്ചിരുന്നു. എന്നാൽ 1492 –ൽ സാങ്താ മരിയ എന്ന കപ്പലിൽ കൊളംബസ് അമേരിക്കയിലെത്തി തിരിച്ചുവന്നതോടെ സ്പെയിൻകാർക്കു മനസിലായി, കടലിനപ്പുറത്ത് ശൂന്യതയല്ല മറ്റൊരു ലോകമുണ്ടെന്ന്. അവർ നാണയങ്ങളിലെ മുദ്രണം തിരുത്തി, ''Plus Ultra'' ''അപ്പുറത്ത് പലതുമുണ്ട്.'' മരണം എന്ന കരകാണാക്കടലിൽ ഇറങ്ങിയവരാരും തിരിച്ചുവന്നിട്ടില്ലാത്തതിനാൽ മനുഷ്യൻ വിചാരിച്ചു മരണത്തിനപ്പുറം ഒന്നുമില്ല, ശൂന്യത മാത്രമേയുള്ളൂ എന്ന്. എന്നാൽ മരണത്തിന്റെ മറുകരയിൽ നിന്ന് നിത്യജീവന്റെ തീരത്തേക്കുള്ള വഴി തുറന്ന് ക്രിസ്തു ഉത്ഥാനം ചെയ്തപ്പോൾ പ്രിയമുള്ളവരേ, ശിഷ്യസമൂഹത്തിന് ബോധ്യമായി ഈ കാണുന്ന മരണത്തിനപ്പുറത്ത് പലതുമുണ്ട് എന്ന്.

സമവീക്ഷണ സുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തമായ ഉത്ഥാനാനുഭവം യോഹന്നാൻ സുവിശേഷകൻ പങ്കുവയ്ക്കുമ്പോൾ ഇത് വളരെ പ്രകടവുമാണ്. ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചത് മനുഷ്യനായിട്ടായിരുന്നു. എന്നാൽ പ്രവർത്തികളിലും പ്രവർത്തനങ്ങളിലും അവൻ ദൈവമായിരുന്നു, നന്മയായിരുന്നു. അതിനാൽ നമ്മുടെ പീഢകൾ സഹിച്ച് കുരിശിൽ മരിക്കപ്പെട്ട ക്രിസ്തു നന്മയുടെ ലോകത്തെ രൂപപ്പെടുത്തി ഉത്ഥാനം ചെയ്ത് നിത്യജീവന്റെ കവാടവാതിലുകൾ മലർക്കെ തുറന്നിട്ട് നമുക്കായി കാത്തിരിക്കുന്നു. സഭാപിതാവായ മാർ അപ്രേം പറയുന്നുണ്ട്: ''നമ്മുടെ കർത്താവ് വസ്ത്രമുപേക്ഷിച്ച് മഹത്വത്തിലേക്ക് പ്രവേശിച്ചതു പോലെ നമ്മളും മഹത്വത്തിലേക്ക് പ്രവേശിക്കുന്നത് നമ്മുടെ വസ്ത്രങ്ങളുമായല്ല മറിച്ച് നമ്മുടെ പ്രവർത്തികളുമായിട്ടാണ്.''

പ്രിയമുള്ളവരേ, ഈ ലോകത്തിൽ നന്മ ചെയ്ത് ജീവിക്കാനുള്ളതാണ് നമ്മുടെ ജീവിതം. അനുദിനം കലുഷിതമായിക്കൊണ്ടിരിക്കുന്ന നമ്മുടെ ജീവിതസാഹചര്യങ്ങളിൽ ആരെ ഞാൻ മാതൃകയാക്കും എന്നുള്ള ചോദ്യം നമ്മുടെ മനസുകളിൽ ഉയരുമ്പോൾ അതിനുള്ള ഒരേയൊരു ഉത്തരമാണ് ക്രിസ്തു. ഉത്ഥാനം ചെയ്ത ക്രിസ്തു സഭയെ ഭരിക്കുമ്പോൾ സഭാംഗങ്ങളായ നമുക്കും ആ ക്രിസ്തുവിന്റെ ചൈതന്യത്തിൽ ജീവിക്കാം. നന്മ ചെയ്ത് ലോകത്തെ സമ്പന്നമാക്കി നിത്യജീവന്റെ സന്തോഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. പ്രിയമുള്ളവരേ, പ്രതീക്ഷയോടെ, ഉത്ഥാനസന്തോഷത്തിൽ പരസ്പരം സ്നേഹത്തോടെ, ഐക്യത്തോടെ, നമ്മുടെ കുടുംബങ്ങളിൽ, സഭാസമൂഹങ്ങളിലും ക്രിസ്തുവിന്റെ ഉത്ഥാനം നമ്മുടെ ജീവിതത്തിലൂടെ പ്രഘോഷിക്കാം. അവിശ്വാസം നമ്മെ നിരാശയുടെ അന്ധകാരത്തിൽ തള്ളിയിടുമ്പോൾ വിശ്വാസം നമ്മിൽ പ്രത്യാശയുടെ തിരി തെളിക്കുന്നു. നമുക്ക് ഓർമ്മിക്കാം, മനുഷ്യന്റെ മേൽ ദൈവം പുലർത്തിയ അളവില്ലാത്ത സ്നേഹത്തിന്റെ ആൾരൂപമാണ് ക്രിസ്തു. ആ ക്രിസ്തുവിന്റെ ബലിയിൽ നാം പങ്കാളികളായിരിക്കുമ്പോൾ നമുക്ക് നമ്മുടെ ജീവിതങ്ങളെ തന്നെ സമർപ്പിക്കാം. ക്രിസ്തുവിനെപ്പോലെ നന്മ ചെയ്ത് ജീവിക്കാൻ അങ്ങനെ ക്രിസ്തുവിനെ നമ്മിലൂടെ അനേകം പേർക്ക് പങ്കുവയ്ക്കാൻ നമ്മുടെ ജീവിതങ്ങളെ പ്രാപ്തമാക്കണമേ എന്ന് ഈ വിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം. ഉയിർത്തെഴുന്നേൽപ്പിന്റെ, സ്നേഹത്തിന്റെ, പ്രതീക്ഷയുടെ ജീവിതം നയിക്കാൻ ക്രിസ്തു നമ്മെ അനുഗ്രഹിക്കട്ടെ.